## 14-ാം കേരള നിയമ സഭ

## 5-ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 25** — **25.04.2017-ൽ മറുപടിയ്ക്ക്**

# സ്വാശ്രയ രംഗത്ത് ഏകീകൃത ഫീസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സണ്ണി ജോസഫ് :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ.അനിൽ അക്കര : | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സുപ്രീംകോടതി നിർദ്ദേശം അനുസരിച്ച് അടുത്ത അധ്യയന വർഷം മുതൽ നീറ്റ് റാങ്ക് പട്ടികയിൽ നിന്നും സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലേയ്ക്കും പ്രവേശനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) | ഉണ്ട്. സുപ്രീം കോടതി നിർദ്ദേശം അനുസരിച്ച് 2017-18 അദ്ധ്യയന വർഷം മുതൽ നീറ്റ് റാങ്ക് പട്ടികയിൽ നിന്നും സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലേയ്ക്കും പ്രവേശനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. |
| (ബി) നീറ്റ് മെറിറ്റിൽ നിന്നും പ്രവേശനം നടത്തുമ്പോൾ എല്ലാ സീറ്റിലേയ്ക്കും ഏകീകൃത ഫീസ് നിശ്ചയിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട മാനേജ്മെന്റുകളിൽ ചർച്ച നടത്തിയിട്ടുണ്ടോ ;<br><br>(സി) ഉണ്ടെങ്കിൽ, പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണ് ;<br><br>(ഡി) എല്ലാ സീറ്റിനും ബാധകമാകുന്ന ഏകീകൃത ഫീസ് നിശ്ചയിക്കുമ്പോൾ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസ് നിലനിർത്താനാകുമോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത് ;<br><br>(ഇ) ക്രിസ്ത്യൻ മാനേജ്മെന്റുകളുടെ നാല് കോളേജുകളിൽ ഏകീകൃത ഫീസായി 4.5 ലക്ഷം രൂപ മാത്രമേ ഈടാക്കുന്നുള്ള | (ബി), (സി), (ഡി) & (ഇ) | 2017-18 അദ്ധ്യയന വർഷത്തെ മെഡിക്കൽ/ദന്തൽ അണ്ടർഗ്രാജ്വേറ്റ് കോഴ്സിലേയ്ക്കുള്ള പ്രവേശനത്തെയും ഫീസ് ഘടനയേയും സംബന്ധിച്ച് കേരള സംസ്ഥാനത്തെ സ്വാശ്രയ സ്വകാര്യ മെഡിക്കൽ/ദന്തൽ കോളേജുകളുടെ മാനേജ്മെന്റ് പ്രതിനിധികളുമായി ബഹു. കേരള സംസ്ഥാന മുഖ്യമന്ത്രി 27.03.2017 ൽ ചർച്ച നടത്തിയിട്ടുണ്ട്. നീറ്റ് പ്രകാരമുള്ള മെഡിക്കൽ/ദന്തൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഏകീകൃത ഫീസ് നടപ്പാക്കുകയേ നിലവിൽ വഴിയുള്ളുവെങ്കിൽ ആയത് പാവപ്പെട്ട കുട്ടികൾക്ക് എന്ത് സഹായം എങ്ങനെ നല്കാൻ കഴിയുമെന്ന് സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ പരിശോധിക്കുവാൻ ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ക്രിസ്ത്യൻ മാനേജ്മെന്റുമായി സർക്കാർ മുമ്പ് ഉണ്ടാക്കിയിട്ടുള്ള കരാർ ഈ അദ്ധ്യയന വർഷവും നിലനിൽക്കുമോ എന്ന് |

| | | | |
|---|---|---|---|
| | എന്ന വസ്തുത ചർച്ചകളിൽ പരിഗണിച്ചിട്ടുണ്ടോ : | | പരിശോധിക്കണമെന്ന് മാനേജ്മെന്റ് പ്രതിനിധികൾ അഭ്യർത്ഥിച്ചിരുന്നു. |
| (എഫ്) | യാഥാർത്ഥ്യ ബോധത്തോടെയുള്ള ഏകീകൃത ഫീസ് നിശ്ചയിച്ച്, സ്വാശ്രയ മാനേജ്മെന്റിന്റെ അമിത ഫീസിൽ നിന്നും ഒഴിവാക്കി പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസ് നിരക്കിൽ പഠിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും, സ്വാശ്രയ രംഗത്ത് നടമാടുന്നതായി പറയപ്പെടുന്ന അഴിമതി അവസാനിപ്പിക്കുന്നതിനും ഉള്ള നടപടികൾ കൈക്കൊള്ളുമോ ? | (എഫ്) | യാഥാർത്ഥ്യ ബോധത്തോടെയുള്ള ഫീസ് നിശ്ചയിച്ച് സ്വാശ്രയ മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിൽ പഠിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുകയും സ്വാശ്രയ രംഗത്തെ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ ഉറച്ച നിലപാട്. സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷനും ഫീസ് ഈടാക്കലും നിയന്ത്രിക്കുന്നതിന് ഉതകുന്ന വ്യവസ്ഥകൾ അടക്കമുള്ള ഒരു ഓർഡിനൻസ് ഇതിനകം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**